ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : അപ്പോൾ ഗവണ്മെന്റിന്റെ നയം പ്രായം എന്താണു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നല്ല ശുപാർശയാണു.

ശ്രീ. ആർ. സുഗതൻ : എത്ര ശുപായാണു വെട്ടിക്കുറച്ചതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസുവേണം.

ശ്രീ. ആർ. സുഗതൻ : അവരുടെ ഇടയിൽ വരുന്ന ഒഴിവിൽ എപ്പോഴെങ്കിലും എക്സ്ചേഞ്ചു മുഖാന്തരം മാത്രമേ നിയമിക്കുകയുള്ളു എന്നു ഉത്തരവുണ്ടോ?

MR. SPEAKER: That is a separate question.

ഭാരത സേവക സമാജം.

* 316. [5] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യം മാന്യ മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭാരത് സേവക് സമാജത്തിന്റെ പ്രവർത്തനങ്ങൾക്ക് സർക്കാരിൽനിന്നു സഹായധനം നൽകിവരുന്നുണ്ടോ;

(ബി) 1955-ൽ ഈ ഇനത്തിൽ ചെലവായ തുകയെത്ര?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഭാരത സേവക സമാജിന്റെ പ്രവർത്തനങ്ങൾക്കു സർക്കാരിൽനിന്നു സഹായധനം നൽകി വരുന്നില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ സമാജത്തിന്റെ പ്രവർത്തനത്തെപ്പറ്റി പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ടി. പി. സീതാരാമൻ : ഇതു ഒരു സാൽവൊളിറ്റിക്കൽ ആർഗനൈസേഷൻ അല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. ടി. പി. സീതാരാമൻ : ഇവരുടെ പ്രവർത്തനങ്ങളെ സ്തുതിച്ചു നിവേദനം ലഭിച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്തുതി ഉണ്ടായിട്ടുണ്ടു, നിവേദനം ലഭിച്ചിട്ടില്ല.

പഴക്കം ചെന്ന സ്മാരകങ്ങൾ.

* 317. (6) ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യം മാന്യ മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പഴക്കം മൂലം അപകടസ്ഥിതിയിലായിരിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്ഥിതി വിവരങ്ങൾ ഗവണ്മെന്റ് ശേഖരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ അപകടസ്ഥിതി ഒഴിവാക്കാൻ ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) നിർബന്ധിത വിദ്യാഭ്യാസമേഖലയിലെ ടെമ്പററി ഷെഡ്ഡുകൾ ഉടനടി പുതുക്കിപ്പണിയാൻ ഗവണ്മെന്റ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ട്.

(ബി), (സി) ഈ അപകടം ഒഴിവാക്കുന്നതിനു സത്വരനടപടികൾ എടുത്തുകഴിഞ്ഞു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എത്ര ടെമ്പററി ഷെഡ്ഡുകളാണ് ഇപ്പോൾ നിർബന്ധിതവിദ്യാഭ്യാസമേഖലയിൽ ഉള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെ സംബന്ധിച്ചുള്ള കണക്കുകൾ ശേഖരിച്ചുവരുന്നതേയുള്ളൂ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഓരോ പ്രദേശത്തിലും എട്ടും പത്തും ഷെഡ്ഡുകളുണ്ട്, കുണ്ടുകുഴികളുടെ തലസ്ഥാനമായ കൊല്ലത്തിന്റെ വിഴുപ്പുകൊണ്ടും ഉണ്ടെന്നുള്ളത് അറിഞ്ഞിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു ഉത്തരം ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിനു ശേഷം ധനകാര്യമന്ത്രി കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഇതിനെക്കുറിച്ച് വേണ്ട നടപടി നടത്താമെന്നു ഉറപ്പു പറഞ്ഞതിനുശേഷം പല ഷെഡ്ഡുകളും നശിച്ചുപോയിട്ടുള്ളതായി അറിയാമോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ : അറിഞ്ഞുകൂടാ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നശിച്ചുപോയിട്ടുണ്ടെന്നു പറഞ്ഞതു വിശ്വസിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉറപ്പു തരാൻ സാധിക്കയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ബഡ്ജറ്റ് സമ്മേളനത്തിനുശേഷം എത്ര ഷെഡ്ഡുകൾ പുതുക്കിപ്പണിയിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിനുശേഷം ഡിപ്പാർട്ടുമെന്റിനെ കീഴിലുള്ള മരാമത്തു ജോലികളെ സംബന്ധിച്ചു സത്വരമായ നടപടികൾ എടുക്കുന്നതിനുവേണ്ടി അവിടെത്തന്നെ ഒരു ഇൻജിനീയറിംഗ് സെക്ഷൻ വിപുലമായി ചേർക്കുകയും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുക മുഴുവനും ചെലവാക്കണമെന്നു നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നാട്ടുകാർ സ്ഥലം തന്നാൽ ടെമ്പററി ഷെഡ്ഡുകൾക്കു പെർമനന്റ് ഷെഡ്ഡുകൾ ആക്കാമെന്നു പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം. അതിനു വേണ്ട നടപടി നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപ്പിള്ള : സ്ഥലം തന്നിട്ട് ഇതുകൊല്ലമായിട്ടും ഇതുവരെ ഒന്നും ചെയ്യിട്ടില്ലെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇക്കൊല്ലം അതു ചെയ്യുന്നതാണ്.

ശ്രീ. പാക്കളം ഭാസി : ഈ ഡിപ്പാർട്ടുമെൻറിൽ ഇൻജിനീയറിംഗ് ഫേക്കൽറ്റി കൂടുതൽ ഏർപ്പെടുത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നാലുമാസമായി.

ശ്രീ പ്രാക്കളം ഭാസി : ആവശ്യമുള്ള സ്റ്റാഫ് ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. കെ. എ. ശിവാനന്ദൻ : ടെറിറ്റോറിയൽ ഷെഡ്യൂൾഡ് പ്രദേശങ്ങളിൽ ഗവൺമെൻറ് ഷെഡ്യൂൾഡ് ട്രൈബ്സിനു നിരാഹാരസത്യാഗ്രഹം നടന്നിട്ടുള്ളതായി അറിയാമോ?

MR. SPEAKER : Please put a separate Question.

ശ്രീ. പി. കെ. നാരായണൻ : മൊത്തം എത്ര സ്കൂൾ കെട്ടിടമാണ് അപകടനിലയിലുള്ളതെന്ന് അറിയാമോ?

മി. സ്പീക്കർ : കണക്കു ശേഖരിക്കുന്നതേ ഉള്ളൂ എന്നു പറഞ്ഞുകഴിഞ്ഞല്ലോ.

ശ്രീ. പി. ആർ. മാധവൻ പിള്ള : എത്ര പഞ്ചവത്സരപദ്ധതി കൊണ്ടു ഈ ഷെഡ്യൂൾഡ് പ്രദേശം പുരോഗതിയിലെത്തിക്കാൻ സാധിക്കും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കാൽ പഞ്ചവത്സരപദ്ധതി എങ്കിലും വേണം.

കടലാക്രമണം.

* 318. [7] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു കൃഷിമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡിസ്ട്രിക്ടിൽ കടലാക്രമണം തടയുന്നതിനു ഗവണ്മെൻറ് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ഏതെല്ലാമാണ് കടലാക്രമ പ്രതിരോധനടപടികൾ കൈക്കൊള്ളുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നത്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. എ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) കടലാക്രമണം കൂടുതലായി ബാധിച്ചിട്ടുള്ള പ്രദേശങ്ങളിൽ പ്രതിരോധ നടപടികൾ എടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. യു. നിലകണ്ഠൻ : അഞ്ചുതെങ്ങിൽ കടലാക്രമണം ഉണ്ടായിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly